**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1647** | **25.03.2013- ലെ മറുപടിക്ക്.**

**സർക്കാർ ജീവനക്കാർക്ക് പെർഫോമൻസ് മോണിട്ടറിംഗ് സിസ്റ്റം**

| ചോദ്യം<br>ശ്രീ. എം.ഹംസ | | ഉത്തരം<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്ക് പേർഫോമൻസ് മോണിട്ടറിംഗ് സിസ്റ്റം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ ; | (എ) | 2011-12 മുതൽ സർക്കാർ വകുപ്പുകൾക്ക് (ആഭ്യന്തരം, നിയമം, നിയമസഭ ഒഴികെ) പെർഫോമൻസ് മോണിട്ടറിംഗ് ആന്റ് ഇവാല്യുവേഷൻ സിസ്റ്റം (RFD) ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഓരോ വകുപ്പിലും പെർഫോമൻസ് മോണിട്ടർ ചെയ്യുന്നതിനായി ഒരു ഉന്നതതല സമിതിയെ ചുമതലപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ ; | (ബി) | പെർഫോമൻസ് മോണിട്ടർ ചെയ്യുന്നതിനായി സർക്കാർ തലത്തിൽ ചീഫ് സെക്രട്ടറി, ഫിനാൻസ് സെക്രട്ടറി, പ്ലാനിംഗ് സെക്രട്ടറി എന്നിവരുടെ ഒരു ഉന്നതതല സമിതി നിലവിലുണ്ട്. |
| (സി) | ആധുനിക സാങ്കേതിക വിദ്യകളുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ പെർഫോമൻസ് ടാർജറ്റ് പുനർനിർണ്ണയിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) | ഓരോ സാമ്പത്തിക വർഷവും ഓരോ വകുപ്പും നേടേണ്ട ലക്ഷ്യങ്ങൾ പുനർനിർണ്ണയിക്കാറുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ ആയതിലേക്കായി ഭരണ പരിഷ്ക്കാര സമിതിയെ നിയമിക്കുമോ ; വിശദമാക്കുമോ ? | (ഡി) | ടാർജറ്റ് പുനർനിർണ്ണയിക്കുന്നതിനായി ഭരണ പരിഷ്ക്കാര സമിതിയെ നിയമിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

Bijumon

സെക്ഷൻ ഓഫീസർ